| 38 | ലൈഫ്സ്റ്റോക്ക് ഫാം തുടങ്ങുന്നതിനുമുമ്പുള്ള സ്ഥാപന അനുമതി | | 1. ഫാറം നമ്പർ 1 ൽ 5/-രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ.<br>2. ഫാമിൽ വളർത്താൻ ഉദ്ദേശിക്കുന്ന മൃഗങ്ങളുടെയും പക്ഷികളുടെയും വിവരങ്ങൾ/എണ്ണം<br>3. സൈറ്റ് പ്ലാൻ, സ്കെച്ച്, ബിൽഡിംഗ് പ്ലാൻ (സാനിറ്റേഷൻ സൗകര്യം) സ്ഥലത്തിന്റെ വിസ്തീർണ്ണം<br>4. ഫാമിന്റെ അതിർത്തിയിൽനിന്ന് 50 മീറ്റർ പരിധിയിൽ ജനവാസ സംബന്ധിച്ചുള്ള വിവരങ്ങൾ മാലിന്യനിർമ്മാർജ്ജന ക്രമീകരണങ്ങൾ എന്നിവ കാണിച്ചിരിക്കണം. | പട്ടിക പ്രകാരമുള്ളത് | 30 ദിവസത്തിനകം |

# പുറപ്പുഴ ഗ്രാമപഞ്ചായത്ത്

## തൊഴിലുറപ്പ് പദ്ധതി

## MGNREGA

**Ph: 04862 - 274649**

| | |
|---|---|
| 1. രജിസ്ട്രേഷൻ *or* തൊഴിൽ കാർഡ് എടുക്കുന്നതിന് | നിശ്ചിത ഫോറത്തിലുള്ള അപേക്ഷയും 3 ഫോട്ടോയും, ബാങ്ക് പാസ്ബുക്ക്, ആധാർകോപ്പി, റേഷൻകാർഡ് കോപ്പി (അപേക്ഷ ലഭിച്ച് 14 ദിവസത്തിനുള്ളിൽ തൊഴിൽ കാർഡ് ലഭ്യമാണ്) |
| 2. 5 ഏക്കറിൽ താഴെ കൃഷി ഭൂമിയുള്ള ചെറുകിട കൃഷിക്കാരുടെ ഭൂമിയിലെ കാർഷിക വേലകൾ ഏറ്റെടുക്കുന്നതിന്: | 1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷയും സത്യവാങ്മൂലവും, 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ്<br>2. തൊഴിൽ കാർഡിന്റെ കോപ്പി<br>3. റേഷൻ കാർഡ്, തിരിച്ചറിയൽ കാർഡ് ഇവയുടെ കോപ്പി<br>4. തൻവർഷത്തെ കരം അടച്ച രസീതിന്റെ കോപ്പി<br>5. ആധാർ കാർഡ് കോപ്പി<br>6. ബാങ്ക് പാസ്സ് ബുക്ക് കോപ്പി |
| 3. തൊഴിൽ ആവശ്യപ്പെടുന്നതിന് | നിശ്ചിത ഫോറത്തിലുള്ള അപേക്ഷ അപേക്ഷ ലഭിച്ച് 14 ദിവസത്തിനകം തൊഴിൽ നൽകുന്നു. |
| 4. നിലവിലുള്ള തൊഴിൽകാർഡിൽ പേര് കൂട്ടിചേർക്കുന്നതിന് | 1. നിലവിലുള്ള തൊഴിൽകാർഡ്<br>2. ചേർക്കേണ്ട വ്യക്തിയുടെ ആധാർകാർഡ്, ബാങ്ക് പാസ്ബുക്ക്, റേഷൻകാർഡ് എന്നിവയുടെ കോപ്പിയും, 3 ഫോട്ടോയും |

# പുറപ്പുഴ ഗ്രാമപഞ്ചായത്ത്
## കുടുംബശ്രീ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയിൽ നിന്ന് ലഭിക്കുന്ന സേവനങ്ങൾ

| പദ്ധതികൾ | മാനദണ്ഡങ്ങൾ |
|---|---|
| 1. വിവിധ തൊഴിൽ സംരംഭകർക്കുള്ള പരിശീലനം<br>2. യുവശ്രീ അംഗങ്ങൾക്ക് തൊഴിൽ പരിശീലനവും, സംരംഭകർക്കുള്ള സബ്സിഡിയും | കുടുംബശ്രീ അംഗങ്ങൾക്ക് മാത്രം. അപേക്ഷകൾ കുടുംബശ്രീ അയൽക്കൂട്ടത്തിൽ നൽകണം. അപേക്ഷകൾ നൽകേണ്ടത് എ.ഡി.എസ്. മുഖാന്തിരം C.D.S. ന്.<br>1. കുടുംബശ്രീയിൽ 1 വർഷമോ അതിലേറെയോ അംഗത്വം ഉണ്ടായിരിക്കണം.<br>2. 6 മാസത്തിലേറെ അംഗത്വമുള്ളവർക്ക് പരിശീലനവും നൽകുന്നു. |
| 3. കുടുംബശ്രീ റിവോൾവിംഗ് ഫണ്ട്<br>4. മാച്ചിംഗ് ഗ്രാന്റ്<br>5. പാട്ടകൃഷി ആനുകൂല്യങ്ങൾ<br>6. അഗതി– ആശ്രയ പുനരധിവാസം<br>7. സ്ത്രീ ശാക്തീകരണം<br>8. ബാലസഭ | സംരംഭങ്ങൾ തുടങ്ങിയതിന് 6 മാസത്തിന് ശേഷമുള്ള ആക്റ്റിവിറ്റി ഗ്രൂപ്പുകൾ അപേക്ഷകൾ എ.ഡി.എസ്. മുഖാന്തിരം സി.ഡി.എസ്. ലഭിക്കണം.<br>എ.ഡി.എസ്. മുഖാന്തിരം സി.ഡി.എസ്. ന് അപേക്ഷിക്കണം.<br>C.D.S ൽ രജിസ്റ്റർ ചെയ്ത ബാലസഭകൾ 5നും 18നും മദ്ധ്യേ പ്രായമുള്ളവർ |

## സാക്ഷരത മിഷൻ – തുടർ വികസന വിദ്യാകേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

| സേവനം | ലഭ്യമാകുന്ന സേവനം | അപേക്ഷിക്കുന്ന വിധം |
|---|---|---|
| 1. സാക്ഷരത | നിരക്ഷരരെ സാക്ഷരരാക്കുന്നു. | സർവ്വേയിലൂടെ ആളുകളെ കണ്ടെത്തുന്നു. |
| 2. തുല്യത 4 | പ്രാഥമിക വിദ്യാഭ്യാസം നേടാത്തവർക്ക് 4–ാം ക്ലാസ്സ് തുല്യത സർട്ടിഫിക്കറ്റ്. | (1) സ്കൂൾ സർട്ടിഫിക്കറ്റിന്റെ/ജനനസർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br>(2) എസ്.സി. / എസ്.റ്റി. വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റിന്റെ പകർപ്പ് |
| 3. തുല്യത 7 | അപ്പർ പ്രൈമറിക്ലാസ്സിന് തുല്യമായ 7–ാം ക്ലാസ്സ് ജയിച്ച സർട്ടിഫിക്കറ്റ് നൽകുന്നു. | (1) സ്കൂൾ സർട്ടിഫിക്കറ്റിന്റെ / 4–ാം ക്ലാസ്സ് ജയിച്ചതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br>(2) എസ്.സി. / എസ്.റ്റി. വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റിന്റെ പകർപ്പ്. |
| 4. തുല്യത 10 | എസ്.എസ്.എൽ.സി.ക്ക് തുല്യമായ 10–ാം ക്ലാസ്സ് സർട്ടിഫിക്കറ്റ് | (1) സ്കൂൾ സർട്ടിഫിക്കറ്റിന്റെ / 7–ാം ക്ലാസ്സ് സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br>(2) എസ്.സി. / എസ്.റ്റി. വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റിന്റെ പകർപ്പ്. |
| 5. തുല്യത +2 | ഹയർസെക്കണ്ടറി ബോർഡ് നൽകുന്ന +2 വിന് തുല്യമായ സർട്ടിഫിക്കറ്റ് | (1) SSLC/10–ാം തരം തുല്യത ജയിച്ച സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയത്.<br>(2) എസ്.സി. / എസ്.റ്റി. വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റിന്റെ പകർപ്പ്. |
| 6. സ്വയം തൊഴിൽ പരിശീലനങ്ങൾ | വിവിധ തൊഴിൽ പരിശീലനങ്ങൾ ആവശ്യാനുസരണം നടത്തപ്പെടുന്നു. | |

ഗ്രാമപഞ്ചായത്തിൽ നൽകേണ്ട വിവിധതരം അപേക്ഷകൾ തയ്യാറാക്കി നൽകുന്നു.

***<u>പ്രേരക്മാർ</u>***

**വഴിത്തല: ബ്ലോക്ക് വികസന വിദ്യാ കേന്ദ്രം-ഡയസ് ജോസഫ് – MOB : 9447237271**
**തുടർവിദ്യാകേന്ദ്രം ചേലപ്പാറ – സുലേഖ സരസൻ – MOB : 9961681929**
**തുടർവിദ്യാകേന്ദ്രം പുറപ്പുഴ – ശശികല പി.റ്റി. – MOB : 9961142590**

# പുറപ്പുഴ ഗ്രാമപഞ്ചായത്ത്
## വഴിത്തല ആയുർവേദ ഡിസ്പെൻസറിയിൽ നിന്ന് ലഭിക്കുന്ന സേവനങ്ങൾ

| ക്രമ നമ്പർ | സേവനങ്ങളുടെ വിവരം | നിബന്ധനകൾ | അപേക്ഷിക്കേണ്ട വിധം | ഒടുക്കേണ്ട ഫീസ് | സേവനം ലഭ്യമാകുന്ന സമയപരിധി |
|---|---|---|---|---|---|
| 1. | പരിശോധനയും, ചികിത്സയും | 1. രോഗി നേരിൽ വന്ന് രജിസ്റ്റർ ചെയ്ത ശേഷം മെഡിക്കൽ ആഫീസറെ കാണണം | | ഒ.പി.ടിക്കറ്റ് 5 രൂപ | സ്ഥാപനത്തിലെത്തുന്ന മുൻഗണനാക്രമത്തിൽ സാധാരണ ദിവസം 9 മുതൽ 3 വരെ |
| 2. | മെഡിക്കൽ ക്യാമ്പ് | 1. ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ശുപാർശയോടെ മെഡിക്കൽ ആഫീസർക്ക് അപേക്ഷ നൽകി നിർദേശിക്കുന്ന മുന്നൊരുക്കങ്ങൾ ചെയ്യണം | 1. വെള്ള പേപ്പർ അപേക്ഷ | 50/- രൂപ | തൽസമയം |
| 3. | മെഡിക്കൽ / ഫിറ്റ്നസ് സർട്ടിഫിക്കറ്റ് | 1. ഈ സ്ഥാപനത്തിൽ നിന്നും ചികിത്സിച്ചതിന്റെ രേഖകൾ സഹിതം നേരിൽ ഹാജരാകണം | 1. അപേക്ഷ | സംഭാവന 50/- രൂപ | തൽസമയം |
| 4. | സ്വഭാവ സർട്ടിഫിക്കറ്റ് മറ്റ് വ്യക്തിപരമായ സർട്ടിഫിക്കറ്റ് | 1. വ്യക്തിപരമായി പരിചയമുള്ളവർക്ക് മാത്രം<br>2. തിരിച്ചറിയൽകാർഡ് സഹിതം നേരിൽ ഹാജരാക്കുക. | 1. അപേക്ഷ | 50/- രൂപ | തൽസമയം |
| 5. | ഫോട്ടോ സാക്ഷ്യപ്പെടുത്തൽ ആധാർ, പാൻ, ആവശ്യങ്ങൾക്കുള്ള സർട്ടിഫിക്കറ്റ് | 1. തിരിച്ചറിയൽ കാർഡ് സഹിതം നേരിൽ ഹാജരാകണം | 1. അപേക്ഷ | സംഭാവന 50/- രൂപ | തൽസമയം<br>തൽസമയം |
| 6. | ലൈഫ് സർട്ടിഫിക്കറ്റ് | 1. പെൻഷൻ ഓർഡർ, തിരിച്ചറിയൽ കാർഡ് സഹിതം നേരിൽ ഹാജരാകണം | 1. അപേക്ഷ | സംഭാവന 50/- രൂപ | തൽസമയം |
| 7. | പ്രായം സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റ് | 1. തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ് എന്നിവ സഹിതം നേരിൽ ഹാജരാകണം | | സംഭാവന 50/- രൂപ | |
| 8. | ഒപ്പും പകർപ്പും സാക്ഷ്യപ്പെടുത്തൽ | 1. അസ്സൽ സർട്ടിഫിക്കറ്റും, വ്യക്തതയുള്ള പകർപ്പും കൊണ്ടുവരണം | | സംഭാവന 10/- രൂപ | തൽസമയം പ്രധാന ഡ്യൂട്ടി കഴിഞ്ഞുള്ള സമയങ്ങളിൽ |
| 9. | ബോധവൽക്കരണ ക്ലാസ്സുകൾ | | | | റസിഡന്റ്സ് അസ്സോസിയേഷനുകൾ, കുടുംബശ്രീ, അംഗൻവാടികൾ എന്നിവരുടെ ആവശ്യാനുസരണം |

# പുറപ്പുഴ ഗ്രാമപഞ്ചായത്ത്

## കുണിഞ്ഞി ഹോമിയോ ഡിസ്പെൻസറിയിൽ നിന്ന് ലഭിക്കുന്ന സേവനങ്ങൾ

| ക്രമ നമ്പർ | സേവനങ്ങളുടെ വിവരം | നിബന്ധനകൾ | അപേക്ഷിക്കേണ്ട വിധം | ഒടുക്കേണ്ട ഫീസ് | സേവനം ലഭ്യമാകുന്ന സമയപരിധി |
|---|---|---|---|---|---|
| 1. | പരിശോധനയും, ചികിത്സയും | രോഗി നേരിൽ വന്ന് രജിസ്റ്റർ ചെയ്ത ശേഷം മെഡിക്കൽ ആഫീസറെ കാണണം | | ഒ.പി.ടിക്കറ്റ് 5 രൂപ | സ്ഥാപനത്തിലെത്തുന്ന മുൻഗണനാക്രമത്തിൽ സാധാരണ ദിവസം 9 മുതൽ 2 വരെ |
| 2. | കുട്ടികൾക്കുള്ള രോഗപ്രതി രോധ ഔഷധങ്ങൾ | കുട്ടിയെ കൊണ്ടുവന്ന് പേര് രജിസ്റ്റർ ചെയ്യണം | | 5/- രൂപ ഒ.പി. ടിക്കറ്റ് | 9 മുതൽ 2 വരെ |
| 3. | പ്രതിരോധ മരുന്നുകൾ | നേരിൽ വന്ന് പേര് രജിസ്റ്റർ ചെയ്യണം | | ഒ.പി. ടിക്കറ്റ് 5/-രൂപ | |
| 4. | മെഡിക്കൽ ക്യാമ്പ് | ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ശുപാർശയോടെ മെഡിക്കൽ ആഫീസർക്ക് അപേക്ഷ നൽകി നിർദേശിക്കുന്ന മുന്നൊരുക്കങ്ങൾ ചെയ്യണം | വെള്ള പേപ്പറിൽ അപേക്ഷ | | മുന്നൊരുക്കങ്ങൾ പൂർത്തിയാക്കി 7 ദിവസത്തിനകം |
| 5. | മെഡിക്കൽ / ഫിറ്റ്നസ് സർട്ടിഫിക്കറ്റ് | ഈ സ്ഥാപനത്തിൽ നിന്നും ചികിത്സിച്ചതിന്റെ രേഖകൾ സഹിതം നേരിൽ ഹാജരാകണം | അപേക്ഷ | 50/- രൂപ സംഭാവന | തൽസമയം |
| 6. | സ്വഭാവ സർട്ടിഫിക്കറ്റ് | 1. വ്യക്തിപരമായി പരിചയമുള്ളവർക്ക് മാത്രം<br>2. നേരിൽ വന്ന് അപേക്ഷ നൽകണം | അപേക്ഷ | സംഭാവന 50/- രൂപ | തൽസമയം |
| 7. | ഫോട്ടോ സാക്ഷ്യപ്പടുത്തൽ | തിരിച്ചറിയൽ കാർഡ് സഹിതം നേരിൽ ഹാജരാകണം | | 50/-രൂപ സംഭാവന | തൽസമയം |
| 8. | ലൈഫ് സർട്ടിഫിക്കറ്റ് | തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ് എന്നിവ സഹിതം നേരിൽ ഹാജരാകണം | അപേക്ഷ | 50/- രൂപ സംഭാവന | തൽസമയം |
| 9. | പ്രായം സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റ് | തിരിച്ചറിയൽ കാർഡ്, റേഷൻകാർഡ് സഹിതം നേരിൽ ഹാജരാക്കണം. | അപേക്ഷ | 50/- രൂപ സംഭാവന | തൽസമയം |
| 10. | ഒപ്പും പകർപ്പും സാക്ഷ്യപ്പെടുത്തൽ | അസ്സൽ സർട്ടിഫിക്കറ്റും വ്യക്തതയുള്ള പകർപ്പും കൊണ്ടുവരണം. | | സംഭാവന 10/- രൂപ | തൽസമയം |
| 11. | സീതാലയം ലഹരി വിമുക്ത ക്ലീനിക്ക് | രോഗി നേരിൽവന്ന് രജിസ്റ്റർ ചെയ്തശേഷം മെഡിക്കൽ ഓഫീസറെ കാണണം | | 5/- രൂപ ഒ.പി.ടിക്കറ്റ് | 9 മണി മുതൽ 2 മണി വരെ |
| 12. | ബോധവൽക്കരണ ക്ലാസ്സുകൾ | | | | റസിഡന്റ്സ് അസ്സോ സിയേഷനുകൾ, കുടുംബശ്രീ, അംഗൻവാടികൾ എന്നി വരുടെ ആവശ്യാനുസരണം |

# പുറപ്പുഴ ഗ്രാമപഞ്ചായത്ത്

## പുറപ്പുഴ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നിന്ന് ലഭിക്കുന്ന സേവനങ്ങൾ

| ക്രമ നമ്പർ | സേവനങ്ങളുടെ വിവരം | നിബന്ധനകൾ | അപേക്ഷിക്കേണ്ട വിധം | ഒടുക്കേണ്ട ഫീസ് | സേവനം ലഭ്യമാകുന്ന സമയപരിധി |
|---|---|---|---|---|---|
| 1. | രോഗനിർണ്ണയവും ചികിത്സയും | 1. രജിസ്റ്റർ ചെയ്ത ശേഷം രോഗി നേരിൽ മെഡിക്കൽ ആഫീസറെ കാണണം | | ഒ.പി. ടിക്കറ്റ് 5/-രൂപ | സ്ഥാപനത്തിലെ ത്തുന്ന മുൻഗണനാ ക്രമത്തിൽ സാധാരണ ദിവസം 9 മുതൽ |
| 2. | ഗർഭിണികളുടെ പരിശോധന / കുത്തിവയ്പ് / മരുന്ന് വിതരണം | | | ഫീസില്ല | എല്ലാ ചൊവ്വാഴ്ചയും രാവിലെ 11 മുതൽ 1 വരെ |
| 3. | കുട്ടികളുടെ രോഗപ്രതിരോധ ചികിത്സ (പെന്റാ) പോളിയോ, മീസെൽസ്, ഹെപ്പറ്റൈറ്റീസ് ബി.സി.ജി., വൈറ്റമിൻ തുള്ളി മരുന്നുകൾ | | | ഫീസില്ല | എല്ലാ ബുധനാഴ്ചയും രാവിലെ 9 മുതൽ 1 വരെ |
| 4. | ദേശീയ രോഗനിയന്ത്രണ പരിപാടിയനുസരിച്ച് ക്ഷയം, മലമ്പനി തുടങ്ങിയവയ്ക്കുള്ള ചികിത്സ | | | ഫീസില്ല | എല്ലാ പ്രവർത്തി ദിവസങ്ങളിലും |
| 5. | ക്ഷയ രോഗത്തിന് നേരിട്ടുള്ള നിരീക്ഷണത്തിന് സൗജന്യ ചികിത്സ (ഡോട്സ്) | | | ഫീസില്ല | എല്ലാ പ്രവർത്തി ദിവസങ്ങളിലും |
| 6. | പകർച്ചവ്യാധി നിയന്ത്രണവുമായി ബന്ധപ്പെട്ട ആരോഗ്യ ബോധവൽക്കരണ ക്ലാസ്സ് | 1. ആവശ്യാനുസരണം | | ഫീസില്ല | |
| 7. | പൊതു കിണർ, പൊതു കുടിവെള്ള ശ്രോതസ്സുകൾ എന്നിവയുടെ ക്ലോറിനേഷൻ | 1. ആ പ്രദേശത്തെ ചുമതലയുള്ള ആരോഗ്യ വകുപ്പ് ജീവനക്കാർ മുഖേന | | ഫീസില്ല | മഴക്കാലത്തും പകർച്ചവ്യാധി യുടെ സമയത്തും 15ദിവസം കൂടുമ്പോഴും വേനൽക്കാലത്ത് 2 മാസം കൂടുമ്പോഴും |

| ക്രമ നമ്പർ | സേവനങ്ങളുടെ വിവരം | നിബന്ധനകൾ | അപേക്ഷിക്കേണ്ട വിധം | ഒടുക്കേണ്ട ഫീസ് | സേവനം ലഭ്യമാകുന്ന സമയപരിധി |
|---|---|---|---|---|---|
| 8. | ഗൃഹസന്ദർശനം | | മുൻകൂട്ടി തയ്യാറാക്കുന്ന പരിപാടിയനുസരിച്ച് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ളിക്ക് ഹെൽത്ത് നേഴ്സ് എന്നിവർ ഭവന സന്ദർശനം നടത്തി ആരോഗ്യക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നു | – ഫീസില്ല | രണ്ട് മാസത്തിൽ ഒരിക്കൽ |
| 9. | കുടുംബക്ഷേമപ്രവർത്തനം<br>(1) കോപ്പർട്ടി നിക്ഷേപം<br>(2) നിരോധ് / ഗർഭ നിരോധന ഗുളിക വിതരണം | 1. ആശുപത്രിയിലെത്തുക<br>ആശുപത്രി വഴി സ്റ്റാഫിന്റെ ഗൃഹ സന്ദർശന സമയത്ത് കൈപ്പറ്റാവുന്നതാണ്. | | ഫീസില്ല | പ്രവൃത്തി സമയങ്ങളിൽ |
| 10. | ലൈഫ് സർട്ടിഫിക്കറ്റ് | 1. പെൻഷൻ ഓർഡർ, തിരിച്ചറിയൽ കാർഡ് സഹിതം നേരിൽ ഹാജരാകണം | വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷ | ഗവൺമെന്റ് കാര്യങ്ങൾ മാത്രം ഫീസില്ല | പ്രവൃത്തി ദിവസങ്ങളിൽ |
| 11. | മെഡിക്കൽ സർട്ടിഫിക്കറ്റ് | 1. ഒ.പി. യിൽ രജിസ്റ്റർ ചെയ്ത് ചികിത്സ സ്വീകരിച്ചതിന്റെ രേഖകൾ സഹിതം നേരിൽ ഹാജരാകണം | | ഫീസില്ല | അന്നേ ദിവസം |
| 12. | ഫിറ്റ്നസ് / ഹെൽത്ത് സർട്ടിഫിക്കറ്റ് /ഹെൽത്ത് കാർഡ് | 1. തിരിച്ചറിയൽ സഹിതം നേരിൽ ഹാജരാകണം | വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷ | സിവിൽസർജൻ150/-<br>അസി.സർജൻ 100/- | അന്നേ ദിവസം |
| 13. | പ്രായം സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റ് | 1. തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ് എന്നിവ സഹിതം നേരിൽ ഹാജരാകണം | | ഫീസില്ല | പ്രവൃത്തി ദിവസങ്ങളിൽ |
| 14. | ഒപ്പും, പകർപ്പും സാക്ഷ്യപ്പെടുത്തൽ | 1. അസ്സൽ സർട്ടിഫിക്കറ്റും, വ്യക്തതയുള്ള പകർപ്പും | | ഫീസില്ല | തൽസമയം |
| 15. | അംഗൻവാടി കേന്ദ്രീകരിച്ച് അമ്മമാർക്കും കുട്ടികൾക്കുമുള്ള രോഗനിർണ്ണയവും ആരോഗ്യ ബോധവൽക്കരണവും | 1. ആവശ്യാനുസരണം | | ഫീസില്ല | പ്രധാന ഡ്യൂട്ടി കഴിഞ്ഞുള്ള സമയങ്ങളിൽ മാത്രം |
| 16. | സബ്സെന്റർ വഴി ലഭ്യമാക്കുന്ന സേവനങ്ങൾ<br>പകർച്ചവ്യാധി നിയന്ത്രണം രോഗ പ്രതിരോധ കുത്തിവെയ്പ്, ജീവിത ശൈലി രോഗനിർണ്ണയം, കുടുംബാസൂത്രണം, മാതൃശിശുസംരക്ഷണം | 1. ആവശ്യാനുസരണം | | ഫീസില്ല | സബ്സെന്റർ പ്രവൃത്തി ദിവസങ്ങളിൽ |

# പുറപ്പുഴ ഗ്രാമപഞ്ചായത്ത്

## കൃഷിഭവൻ (കൃഷി ആഫീസർ) വഴി ലഭ്യമാകുന്ന സേവനങ്ങൾ

| ക്രമ നമ്പർ | സേവനങ്ങളുടെ വിവരം | നിബന്ധനകൾ | അപേക്ഷിക്കേണ്ട വിധം | ഒടുക്കേണ്ട ഫീസ് | സേവനം ലഭ്യമാകുന്ന സമയപരിധി |
|---|---|---|---|---|---|
| 1 | പ്രകൃതി ക്ഷോഭ ദുരിതാശ്വാസം (കാർഷിക വിളകൾക്ക്) | 1. നാശനഷ്ടമുണ്ടായി 24 മണിക്കൂറിനുള്ളിൽ പ്രഥമ വിവര റിപ്പോർട്ട് നൽകണം.<br>2. പരമാവധി 10 ദിവസത്തിനുള്ളിൽ നിശ്ചിത അപേക്ഷയും ബന്ധപ്പെട്ട രേഖകളും നൽകണം. | 1. നിർദ്ദിഷ്ട അപേക്ഷ - 3 കോപ്പി<br>2. കൈവശ രേഖ/പാട്ട എഗ്രിമെന്റ്<br>3. നികുതി / രസീത്<br>4. ബാങ്ക് പാസ്ബുക്ക് കോപ്പി<br>5. വിളനാശത്തിന്റെ ഫോട്ടോ | ഫീസില്ല | ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് |
| 2 | വിജ്ഞാന വ്യാപനം- ശാസ്ത്രീയ കൃഷി രീതി, വളപ്രയോഗം എന്നിവയിൽ കർഷകർക്കു വേണ്ട സാങ്കേതിക ഉപദേശങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും | ഇല്ല | ആഫീസ് സമയങ്ങളിൽ കൃഷി ഭവനിൽ ബന്ധപ്പെടുക. | - do - | |
| 3 | വൈദ്യുതി കണക്ഷന് മുൻഗണന ലഭിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്. | പമ്പ് സെറ്റ് കൃഷി ആവശ്യത്തിനു മാത്രമേ ഉപയോഗിക്കൂ എന്നും സർട്ടിഫിക്കറ്റ് ആനുകൂല്യം വഴി ലഭിക്കുന്ന ആനുകൂല്യം ദുരുപയോഗപ്പെടുത്തുകയില്ലെന്നും അപേക്ഷകൻ സാക്ഷ്യപ്പെടുത്തണം. | 1. വെള്ളക്കടലാസിലുള്ള അപേക്ഷ<br>2. മോട്ടോർപുരയുടെ ഓണർഷിപ്പ് സർട്ടിഫിക്കറ്റ്<br>3. സ്ഥലത്തിന്റെ കൈവശ രേഖ.<br>4. തന്നാണ്ട് കരമടച്ച രസീത് കോപ്പി. | - do - | ഒരാഴ്ചയ്ക്കകം (സ്ഥല പരിശോധനയ്ക്കു ശേഷം) |
| 4 | നടീൽ വസ്തുക്കൾ ലഭ്യമാക്കൽ | പ്രത്യേകപദ്ധതികൾ പ്രകാരം നടീൽ വസ്തുക്കൾ കൃഷിഭവനിൽ ലഭ്യമാകുന്ന മുറയ്ക്ക്കാർഷിക വികസന സമിതിയുടെ പരിഗണനയ്ക്ക് വിധേയമായി. | 1. അപേക്ഷ<br>2. തന്നാണ്ട് കരമടച്ച കോപ്പി | ഫീസില്ല | |

| ക്രമ നമ്പർ | സേവനങ്ങളുടെ വിവരം | നിബന്ധനകൾ | അപേക്ഷിക്കേണ്ട വിധം | ഒടുക്കേണ്ട ഫീസ് | സേവനം ലഭ്യമാകുന്ന സമയപരിധി |
|---|---|---|---|---|---|
| 5 | മണ്ണ് പരിശോധന | കൃഷിഭവൻ പരിധിയിൽ കൃഷി ചെയ്യുന്ന കർഷകൻ | നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷ നൽകണം. ശാസ്ത്രീയമായി ശേഖരിച്ച 500 ഗ്രാം മണ്ണ് തണലത്തുണക്കി പോളിത്തീൻ കവറിൽ നിറച്ച് അപേക്ഷകന്റെ പേര്, വിലാസം, കൃഷിഭൂമിയുടെ വിസ്തീർണ്ണം , സർവ്വെനമ്പർ, വിളകളുടെ വിവരം എന്നിവ ബോൾ പേന കൊണ്ടെഴുതി കവറിൽ ഉൾക്കൊള്ളിക്കണം. | ഇല്ല | പരിശോധനയിൽ നിന്നും റിസൽട്ട് ലഭിക്കുന്ന മുറയ്ക്ക് |
| 6 | വിള ഇൻഷ്വറൻസ് | കർഷകർ വിളകൾ പൂർണ്ണമായി ഉൾപ്പെടുത്തണം | നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷ നൽകണം. ഓരോ വിളയ്ക്കും നിശ്ചിത പ്രീമിയം തുക അടയ്ക്കണം. | വിളയനുസരിച്ച് പ്രീമിയം | 7 ദിവസത്തിനുള്ളിൽ സേവനം ലഭ്യമാകും |
| 7 | ഇൻഷ്വർ ചെയ്ത വിളയ്ക്ക് നഷ്ടം സംഭവിച്ചാൽ നഷ്ട പരിഹാരം. | വിളനാശം വിശദാംശങ്ങൾ, പോളിസി രേഖയുടെ പകർപ്പുകൾ എന്നിവയുടെ അ ടി സ്ഥ ാ ന ത്ത ി ൽ പോളിസി നിബന്ധനകൾക്ക് വിധേയമായി വിള നാശത്തിന്റെ തോത്, മൂല്യം എന്നിവ വിലയിരുത്തി നടപടി സ്വീകരിക്കും. | നിർദ്ദിഷ്ട ഫാറത്തിൽ 3 ദിവസത്തിനുള്ളിൽ അപേക്ഷിക്കണം.<br>വിളനാശത്തിന്റെ ഫോട്ടോ | | |
| 8 | നെല്ലുല്പാദക ബോണസ് | നെൽ കർഷകർ | നിശ്ചിത ഫാറത്തിൽ നികുതി രസീത് സഹിതം പാടശേഖര സമിതി മുഖേന ഞാറുനട്ട് ഒരു മാസത്തിനു ശേഷം / കൊയ്തെടുക്കുന്നതിന്റെ ഒരു മാസം മുൻപ് നൽകണം. | | ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് |
| 9 | കേരള കർഷകൻ വാർഷിക വരിസംഖ്യ ഒടുക്കൽ | വരിസംഖ്യാ കാലാവധി 1 വർഷം വരിസംഖ്യ 100/- രൂപ | മേൽവിലാസവും വരിസംഖ്യയും കൃഷി ഭവനിൽ ഏൽപ്പിക്കണം. | വരിസംഖ്യ | |
| 10 | ചെറുകിട, പരിമിത, വൻകിട കർഷകനാണെന്ന സർട്ടിഫിക്കറ്റ് | | വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ കൈവശഭൂമിയുടെ വിവരം കാണിക്കുന്ന രേഖ സഹിതം കൃഷി ഭവനിൽ നൽകണം. | | അഞ്ച് ദിവസത്തിനുള്ളിൽ |

| ക്രമ നമ്പർ | സേവനങ്ങളുടെ വിവരം | നിബന്ധനകൾ | അപേക്ഷിക്കേണ്ട വിധം | ഒടുക്കേണ്ട ഫീസ് | സേവനം ലഭ്യമാകുന്ന സമയപരിധി |
|---|---|---|---|---|---|
| 11 | നഴ്സറി, വളം, കീടനാശിനി വിൽപ്പന ലൈസൻസുമായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റ്. | | നിർദ്ദിഷ്ട ഫാറത്തിലെ അപേക്ഷ | | ഒരാഴ്ചയ്ക്കകം |
| 12 | ഒപ്പും പകർപ്പും സാക്ഷ്യ പ്പെടുത്തൽ | അസൽ സഹിതം നേരിട്ട് ഹാജരാകണം. | | ഫീസില്ല | തത്സമയം |
| 13 | കർഷക പെൻഷൻ | അപേക്ഷകന് പ്രായം 60 വയസ്. പേരിൽ 5 ഏക്കറിൽ കൂടാതെയും 10 സെന്റിൽ കുറയാതെയും ഭൂമി ഉണ്ടായി രിക്കണം. വാർഷികവരു മാനം 1,50,000/-ൽ താഴെയാ യിരിക്കണം. | നിർദ്ദിഷ്ട ഫാറത്തിൽ ഫോട്ടോ ഒട്ടിച്ച് പൂരിപ്പിച്ച് കൃഷി ഓഫീസിൽ സമർപ്പിക്കുക. കൈവശാവകാശ സർട്ടിഫിക്കറ്റ്, കരംതീർത്ത രസീതിന്റെ പകർപ്പ് എന്നിവയും സമർപ്പിക്കുക.<br>വരുമാന സർട്ടിഫിക്കറ്റ്, ആധാർകാർഡ്, ബാങ്ക് പാസ്ബുക്ക് കോപ്പി ഇവ സമർപ്പിക്കണം. | ഫീസില്ല | പരിശോധിച്ച് റിപ്പോർട്ട് ലഭിച്ച ശേഷം കൃഷി വിക സന സമിതിയുടെ അനുമതിയോടെ |
| 14 | വിവിധ സ്കൂളിൽ സബ്സി ഡിക്കുള്ള അപേക്ഷകൾ | കൃഷി ചെയ്തു കഴിഞ്ഞ് അപേക്ഷ നൽകണം. പാട്ട കർഷകർക്കും അപേക്ഷിക്കാം. | നിർദ്ദിഷ്ട അപേക്ഷ ഫോറം, തന്നാണ്ട് കരമടച്ച രസീത് കോപ്പി, ബാങ്ക് പാസ്ബുക്ക് കോപ്പി, ആധാർ കാർഡ് കോപ്പി. | ഫീസില്ല | സ്ഥല പരിശോധന നടത്തി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് |

## ഗ്രാമപഞ്ചായത്ത് പ്രൈമറി സ്കൂളുകളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

## ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ / ഉദ്യോഗസ്ഥ - ഹെഡ്മാസ്റ്റർ / ഹെഡ്മിസ്ട്രസ്സ്

| ക്രമ നമ്പർ | സേവനങ്ങളുടെ വിവരം | നിബന്ധനകൾ | അപേക്ഷിക്കേണ്ട വിധം | ഒടുക്കേണ്ട ഫീസ് | സേവനം ലഭ്യമാകുന്ന സമയപരിധി |
|---|---|---|---|---|---|
| 1 | ജനനത്തീയതിയും പഠന വിവരവും തെളിയിക്കുന്ന പ്രവേശന രജിസ്റ്ററിന്റെ പകർപ്പ്. | പഠിച്ച വർഷം കാണിച്ചിരിക്കണം 20 രൂപയുടെ മുദ്രപ്പത്രം വാങ്ങി നൽകിയിരിക്കണം. | വെള്ളക്കടലാസിൽ 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ (ബന്ധപ്പെട്ട ഹെഡ്മാസ്റ്റർക്കു നൽകണം) | ഫീസില്ല | 3 ദിവസത്തിനുള്ളിൽ |
| 2 | വോട്ടർ പട്ടികയിലും റേഷൻ കാർഡിലും പേര് ചേർക്കുന്നതിന് ജനനത്തീയതി കാണിക്കുന്ന സർട്ടിഫിക്കറ്റ്. | | വെള്ളക്കടലാസിൽ പഠനവർഷം വ്യക്തമാക്കികൊണ്ടുള്ള അപേക്ഷ (ബന്ധപ്പെട്ട ഹെഡ്മാസ്റ്റർക്ക് നൽകണം) | | |
| 3 | വിടുതൽ സർട്ടിഫിക്കറ്റ് | | ആവശ്യപ്പെടുന്നതിനുള്ള വ്യക്തമായ കാരണം കാണിക്കുന്ന അപേക്ഷ രക്ഷകർത്താവ് ഹെഡ്മാസ്റ്റർക്ക് നൽകണം. | | |
| 4 | പ്രൈമറി തലത്തിൽ നിലവിലുള്ള പാഠ്യപദ്ധതിയിൽ നിർദ്ദേശിക്കുന്ന ശേഷികൾ ആർജ്ജിക്കുവാൻ വിദ്യാർത്ഥിയെ സഹായിക്കുന്ന ബോധനപ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്ന വിദ്യാഭ്യാസം നൽകുന്നു. | 1. പ്രവേശനത്തിന് അപേക്ഷ നൽകുക.<br>2. യഥാസമയം കുട്ടിയെ സ്കൂളിൽ ചേർക്കുക (ജൂൺ 1 ന് കുട്ടികൾക്ക് 5 വയസ്സ് പൂർത്തിയായിരിക്കണം. സ്കൂൾ തുറന്നശേഷം ആദ്യത്തെ 6 പ്രവൃത്തി ദിവസങ്ങൾക്കു മുമ്പ് സ്കൂളിൽ ചേർത്തിരിക്കണം. | | സൗജന്യം | |
| 5 | മുഴുവൻ വിദ്യാർത്ഥികൾക്കും സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു. | വിദ്യാർത്ഥിയായിരിക്കുന്ന കാലഘട്ടം മുഴുവൻ | ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം. | സൗജന്യം | |
| 6 | അപകടം (അംഗവൈകല്യം, അപകട മരണം) സംഭവിച്ചാൽ നഷ്ടപരിഹാരം ലഭിക്കാനുള്ള സഹായ നടപടികൾ സ്വീകരിക്കുന്നു. | | ഡോക്ടറുടെ സർട്ടിഫിക്കറ്റും മറ്റ് ആവശ്യമായ രേഖകളും യഥാസമയം സമർപ്പിക്കണം. | സൗജന്യം | |

| ക്രമ നമ്പർ | സേവനങ്ങളുടെ വിവരം | നിബന്ധനകൾ | അപേക്ഷിക്കേണ്ട വിധം | ഒടുക്കേണ്ട ഫീസ് | സേവനം ലഭ്യമാകുന്ന സമയപരിധി |
|---|---|---|---|---|---|
| 7 | പട്ടികവർഗ്ഗ വിദ്യാർത്ഥിക ൾക്ക് (സ്റ്റൈഫന്റും പ്രതിമാസം 130 രൂപ) ലംസം ഗ്രാന്റും (പ്രതി വർഷം 320 രൂപ) രക്ഷി താവിന് ഇൻസെന്റീവ് ഗ്രാന്റും (പ്രതിമാസം 10 രൂപാ വീതം) ലഭ്യമാകുന്നു | വിദ്യാർത്ഥിയായിരിക്കുന്ന കാലഘട്ടം. | ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം. | സൗജന്യം | |
| 8 | **പട്ടികജാതി/ഒ.ഇ.സി വിദ്യാർത്ഥി കൾക്ക് ലംസംഗ്രാന്റും (പ്രതിവർഷം എൽ.പി 320 ഉം യു.പി 240) ലഭ്യ മാക്കുന്നു. SC വിദ്യാർത്ഥികൾക്ക് പ്രൈമറി എഡ്യുക്കേഷൻ എയ്ഡ് / പ്രതിവർഷം 2000)** | വിദ്യാർത്ഥിയായിരിക്കുന്ന കാലഘട്ടം. | ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം. | സൗജന്യം | |
| 9 | മുഴുവൻ കുട്ടികൾക്കും സൗജന്യ ഉച്ചഭക്ഷണം നൽകുന്നു. (100 ഗ്രാം അരി ആഴ്ചയിൽ 2 ദിവസം പാൽ, 1 ദിവസം മുട്ട) | | കുട്ടിയുടെ രക്ഷിതാവ് വെള്ളകടലാസിൽ അപേക്ഷ നൽകണം. | സൗജന്യം | എല്ലാ പ്രവൃത്തി ദിവസങ്ങളിലും |
| 10 | സ്കൂളിൽ നിന്നും ഉച്ചഭക്ഷണം കഴിക്കുന്ന മുഴുവൻ കുട്ടിൾക്കും ഉത്സവ കാലങ്ങളിൽ 5 കിലോ അരി വീതം നൽകുന്നു. പ്രൈമറി കുട്ടികൾക്ക് സൗജന്യ യൂണി ഫോം (2 ജോഡി) | | അപേക്ഷ ആവശ്യമില്ല | സൗജന്യം | ഓണം, ക്രിസ്തുമസ്സ്, റംസാൻ (സർക്കാരിൽ നിന്നുള്ള അരിയുടെ ലഭ്യത അനുസരിച്ച്) |
| 11 | 1 മുതൽ 8 വരെ ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കും എസ്.എസ്.എ യുടെ ഭാഗ മായി പാഠപുസ്തകങ്ങൾ നല്കുന്നു. | മുഴുവൻ വിദ്യാർത്ഥികൾക്കും | | സൗജന്യം | |
| 12 | കലാകായിക രംഗത്തെയും മറ്റ് വൈജ്ഞാനിക മേഖലക ളിലേയും ശേഷികൾ വളർത്തി യെടുക്കുന്നതിന് സഹായി ക്കുന്ന ബാലകലോത്സവ ശാസ്ത്ര ഗണിത ശാസ്ത്ര പ്രവൃത്തി പരിചയ മേളകൾ സംഘടിപ്പിക്കുന്നു. | | | | |

| ക്രമ നമ്പർ | സേവനങ്ങളുടെ വിവരം | നിബന്ധനകൾ | അപേക്ഷിക്കേണ്ട വിധം | ഒടുക്കേണ്ട ഫീസ് | സേവനം ലഭ്യമാകുന്ന സമയപരിധി |
|---|---|---|---|---|---|
| 13 | വികലാംഗ വിദ്യാർത്ഥിക ശ്ക്ക് സ്കോളർഷിപ്പ് നൽകുന്നു. | | കുട്ടിയുടെ വൈകല്യം സ്കൂളധികൃതരുടെ ശ്രദ്ധയിൽപ്പെടുത്താൻ രക്ഷിതാവ് അപേക്ഷ നൽകണം. | | |
| 14 | ജനനതീയതി തെളയിക്കുന്ന സർട്ടിഫിക്കറ്റ്. | | രക്ഷാകർത്താവ് വെള്ളക്കടലാസിൽ അപേക്ഷ നൽകണം. | സൗജന്യം | 3 പ്രവൃത്തി ദിവസം |
| | 1. നിലവിലുള്ള വിദ്യാർത്ഥികൾക്ക് | | രക്ഷാകർത്താവ് വെള്ളക്കടലാസിൽ അപേക്ഷ നൽകണം. | സൗജന്യം | 3 പ്രവൃത്തി ദിവസം |
| | 2. പ്രായപൂർത്തിയാകാത്ത പൂർവ്വ വിദ്യാർത്ഥികൾക്ക് | | ആവശ്യക്കാർ വെള്ളക്കടലാസിൽ അപേക്ഷ നൽകണം | സൗജന്യം | 3 പ്രവൃത്തി ദിവസം |
| 15 | അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് നൽകുന്നു. | | രണ്ടു രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷയും വിദ്യാർത്ഥിയുടെ പേരിൽ വാങ്ങിയ മുദ്രപ്പത്രവും (20 രൂപ) സമർപ്പിക്കണം. | സൗജന്യം | 3 പ്രവൃത്തി ദിവസം |
| 16 | ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് (ടി.സി) നൽകുന്നു. | | തുടർന്ന് പഠിക്കാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിന്റെ വിവരം കാണിച്ച് വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ നൽകണം. | സൗജന്യം | 3 പ്രവൃത്തി ദിവസം |

## പുറപ്പുഴ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ വഴി ലഭ്യമാകുന്ന സേവനങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | ഗുണഭോക്താക്കൾ | പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാക്കുന്നതിന് വേണ്ട പരമാവധി സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|---|
| 1 | 2 | 3 | 3 | 4 5 | |
| 1 | അനുപൂരക പോഷകാഹാരം | ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, 6 മാസം മുതൽ 6 വയസ്സു വരെയുള്ള കുട്ടികൾ കൗമാര പ്രായക്കാരായ പെൺകുട്ടികൾ | അംഗൻവാടികളിൽ പ്രീ-സ്കൂൾ ക്ലാസ്സിൽ ഹാജരാകുന്ന 3 വയസ്സ് മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് രാവിലെ 15 ഗ്രാം നിലക്കടലയും 10 ഗ്രാം ശർക്കരയും ചേർത്ത് കടലമിഠായി നൽകുന്നു. ഉച്ചയ്ക്ക് 60 ഗ്രാം അരിയും 15 ഗ്രാം ചെറുപയറുംചേർത്ത് കഞ്ഞി നൽകുന്നു. വൈകുന്നേരം 65 ഗ്രാം ഗോതമ്പും 10 ഗ്രാം ഉഴുന്നും 10 ഗ്രാം എണ്ണയും ചേർത്ത് ഉപ്പുമാവ് നൽകുന്നു. 20 ഗ്രാം പച്ചക്കറിയും ചേർക്കണം. വെള്ളിയാഴ്ച ദിവസം 60 ഗ്രാം ഗോതമ്പും 40 ഗ്രാം ശർക്കരയും ചേർത്ത് പായസം നൽകുന്നു.<br>ഗർഭിണികൾക്കും, പാലൂട്ടുന്ന അമ്മമാർക്കും 25 ദിവസത്തേയ്ക്ക് 3 കിലോ നുറുക്ക് ഗോതമ്പ്, അരക്കിലോ കടല/ചെറുപയർ എന്നിവ റോഫുഡ് ആയി നൽകുന്നു. 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾക്ക് 3 കിലോ ന്യൂട്രിമിക്സ് 25 ദിവസത്തേയ്ക്ക് നൽകുന്നു. കൗമാരക്കാർക്ക് (14-18 പ്രായപരിധിയിലുള്ള കുട്ടികൾക്ക്) 1/2 കിലോ നിലക്കടല/ചെറുപയർ, 1/2 കിലോ ശർക്കര എന്നിവ പ്രതിമാസം വീട്ടിൽ കൊടുത്തുവിടുന്നു. | ഗർഭിണികൾ ഗർഭകാലത്തും അവർ പ്രസവിച്ച് 6 മാസം വരെയും | ഇല്ല |
| 2 | അനൗപചാരിക പ്രീ-സ്കൂൾ വിദ്യാഭ്യാസം | 3 വയസ്സിനും 6 വയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികൾ | കുട്ടികൾ 3 വയസ്സ് പൂർത്തിയായാൽ അംഗൻവാടി പ്രീ-സ്കൂൾ ക്ലാസ്സിൽ ചേർക്കണം. | 6 വയസ്സ് പൂർത്തിയാകുന്നതു വരെ | ഇല്ല |
| 3 | രോഗപ്രതിരോധ കുത്തിവെപ്പ്, വൈദ്യ പരിശോധന | ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, 6 മാസം മുതൽ 6 വയസ്സു വരെയുള്ള കുട്ടികൾ കൗമാര പ്രായക്കാരായ പെൺകുട്ടികൾ | ആരോഗ്യവകുപ്പിന്റെ സഹായത്തോടുകൂടി അംഗൻവാടികളിൽ വെച്ച് രോഗപ്രതിരോധ കുത്തിവെപ്പ്, വൈദ്യപരിശോധന എന്നിവ നടത്തുന്നു. | ഓരോ കുത്തിവെപ്പും എടുക്കേണ്ട നിശ്ചിത സമയപരിധിക്കുള്ളിൽ കുത്തിവെയ്പ്പ് നൽകുന്നു. | ഇല്ല |
| 4 | ആരോഗ്യ-പോഷണ വിദ്യാഭ്യാസം | 15 വയസ്സിനും 45 വയസ്സിനും ഇടയിൽ പ്രായമുള്ളവർ | മാസത്തിലൊരിക്കലെങ്കിലും നിർബന്ധമായും ആരോഗ്യ-പോഷണ വിദ്യാഭ്യാസ ക്ലാസ്സ് അംഗൻവാടി വർക്കറുടെ നേതൃത്വത്തിൽ വിളിച്ചു ചേർക്കുന്നു. | 25-ാം തീയതിക്ക് മുമ്പായി അംഗൻവാടി കേന്ദ്രീകരിച്ച് ആരോഗ്യപ്രവർത്തകർ ക്ലാസ്സ് നൽകുന്നു. | ഇല്ല |

| ക്രമനമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | ഗുണഭോക്താക്കൾ | പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാക്കുന്നതിന് വേണ്ട പരമാവധി സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|---|
| 1 | 2 | 3 | 3 | 4 5 | |
| 5 | ആരോഗ്യരക്ഷ റഫൻസ് സർവ്വീസ് | 6 വയസ്സിന് താഴെയുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മാർ, കൗമാരപ്രായക്കാർ | വിദഗ്ദ്ധ ചികിത്സിയ്ക്കായി തൊട്ടടുത്ത സബ്സെന്ററുകൾ, പി.എച്ച്.സി.കൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നീ സ്ഥാപനങ്ങളിലേക്ക് അംഗൺവാടി വർക്കർ, റഫറൻസ് കാർഡിൽ സാക്ഷ്യപ്പെടുത്തി അയക്കുന്നു. | ചെറിയ അസുഖങ്ങൾക്ക് അംഗൻവാടിയിൽ നിന്നും വിതരണം ചെയ്യുന്ന മരുന്നുകൊണ്ട് രോഗം ഭേദമാകുന്നില്ലെങ്കിൽ | ഇല്ല |
| 6 | ഗ്രോത്ത് മോണിറ്ററിംഗ് | 5 വയസ്സിന് താഴെയുള്ള കുട്ടികൾ | എല്ലാ മാസവും കുട്ടികളുടെ തൂക്കം എടുത്ത് വളർച്ചാ നിരീക്ഷണം നടത്തുകയും ചാർട്ടിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. | പ്രസവിച്ച് 5 വയസ്സ് പൂർത്തിയാകുന്നതുവരെ | ഇല്ല |
| 7 | കൗമാര വിദ്യാഭ്യാസം | കുമാരി ക്ലബ്ബുകൾ, അംഗൺവാടിയിൽ രൂപീകരിക്കുന്നു. ക്ലാസ്സുകൾ നൽകുന്നു, പോഷകാഹാരം നൽകുന്നു. | | | |

## പുറപ്പുഴ ഗ്രാമപഞ്ചായത്ത്
## മൃഗാശുപത്രിയിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

**Ph: 04862 - 274723**

**പ്രവൃത്തി സമയം : രാവിലെ 9 മുതൽ 1 വരെയും ഉച്ചയ്ക്ക്ശേഷം 2 മുതൽ 3 വരെയും**
**അവധി ദിവസങ്ങൾ : രാവിലെ9 മുതൽ 1 വരെയും, ഞായർ രാവിലെ 9 മുതൽ 12 വരെയും**

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനം | ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ | ഫീസ് | സേവനം ലഭ്യമാകാൻ വേണ്ട സമയം |
|---|---|---|---|---|
| 1 | കൃത്രിമ ബീജസങ്കലനം | ലൈഫ്സ്റ്റോക്ക് ഇൻസ്പെക്ടർ | സൗജന്യം | എല്ലാ ദിവസവും |
| 2 | കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ് | ലൈഫ്സ്റ്റോക്ക് ഇൻസ്പെക്ടർ | 10 രൂപ ഫീസ് വാക്സിൻ ലഭ്യമാകുന്ന മുറയ്ക്ക് | 6 മാസം കൂടുമ്പോൾ |
| 3 | ചികിത്സ - പെറ്റ് ആനിമൽ | വെറ്ററിനറി സർജൻ | 10 രൂപ ഫീസ് | എല്ലാ ദിവസവും |
| 4 | പ്രതിരോധ കുത്തിവയ്പ്പുകൾ (ആന്ത്രാക്സ്, കോഴി വസന്ത, കോഴി വസൂരി) | വെറ്ററിനറി സർജൻ | വാക്സിൻ ലഭ്യമാകുന്ന മുറയ്ക്ക് | എല്ലാ ദിവസവും |
| 5 | പശു, എരുമ, ആട് മുതലായവയ്ക്ക് ഇൻഷ്വറൻസ് | വെറ്ററിനറി സർജൻ | നിലവിലുള്ള ചട്ടങ്ങൾ പ്രകാരം | എല്ലാ ദിവസവും |
| 6 | മൃഗങ്ങൾക്കുള്ള രോഗ-നിർണ്ണയവും ചികിത്സയും മരുന്ന് നൽകലും | വെറ്ററിനറി സർജൻ | ഫീസില്ല. രാവിലെ 9 മണി മുതൽ 1 വരെയും 2 മണി മുതൽ 3 മണി വരെയും അവധി ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ 1 മണി വരെയും | തത്സമയം |
| 7 | വളർത്തു നായ്ക്കൾക്ക് പേവിഷബാധയ്ക്കെതിരെ കുത്തിവെയ്പ് | വെറ്ററിനറി സർജൻ | 15 രൂപ ഫീസ് | തത്സമയം |
| 8 | മൃഗപരിപാലനം സംബന്ധിച്ച ബോധവൽക്കരണം | വെറ്ററിനറി സർജൻ | ഫീസില്ല. കാലാകാലങ്ങളിൽ പ്രചാരണം നൽകി സംഘടിപ്പിക്കുന്നു | തത്സമയം |

# പുറപ്പുഴ ഗ്രാമപഞ്ചായത്ത്

## ഹോമിയോ ഡിസ്പെൻസറികളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

**Ph: 04862 - 285500**

പുറം രോഗികളെ (Out Patients) അതായത് കിടത്തി ചികിത്സ ആവശ്യമില്ലാത്ത രോഗികളെയാണ് ഡിസ്പെൻസറി വഴി ചികിത്സിക്കുന്നത്. അത്തരം രോഗികളെ പരിശോധിച്ച് ആവശ്യമുള്ള ഔഷധങ്ങളും, നിർദ്ദേശങ്ങളും നൽകി തിരിച്ചയക്കുന്നു. ചികിത്സയുടെ ഏതെങ്കിലും ഘട്ടത്തിൽ കിടത്തി ചികിത്സ ആവശ്യമെന്നു കണ്ടാൽ രോഗിയെ മെച്ചപ്പെട്ട സൗകര്യമുള്ള ആശുപത്രിയിലേക്ക് അയയ്ക്കുന്നു.

ഒ.പി. പ്രവർത്തന സമയം : രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ

(ആശുപത്രി വികസന സമിതി തീരുമാന പ്രകാരം നിശ്ചിത സേവനങ്ങൾക്ക് ഫീസ് ഈടാക്കുന്നതാണ്).

***ചികിത്സ സേവനങ്ങൾ*** : സമഗ്ര ആരോഗ്യ പരിരക്ഷ (Comprehensive Health Care) സേവനം തേടിയെത്തുന്ന രോഗികൾക്ക് പരമാവധി ലഭ്യമാക്കുക എന്നതാണ് സേവനരീതി.

രോഗ ചികിത്സ (Curative Care) യുടെ കാര്യത്തിൽ ജലദോഷം മുതൽ ഏറ്റവും പുതിയ രോഗങ്ങൾക്കു വരെ ഹോമിയോപ്പതിയുടെ അടിസ്ഥാന സിദ്ധാന്തമനുസരിച്ച് പ്രകൃതിജന്യമായ ഏതു രോഗത്തിനും ചികിത്സ നിശ്ചയിക്കാനാകും.

***ചികിത്സ ലഭ്യമല്ലാത്തവ*** : അടിയന്തിര ശസ്ത്രക്രിയ വേണ്ടുന്ന രോഗങ്ങൾ തീവ്രപരിചരണം (Intensive Care) വേണ്ടുന്ന ഹൃദയാഘാതം, ബോധക്ഷയം, ഉഗ്രവിഷബാധ, ഭക്ഷ്യവിഷബാധ, ഔഷധത്തോടൊപ്പം അനുബന്ധ ചികിത്സ (Supportive Treatment) വേണ്ടുന്ന രോഗങ്ങൾ, റോഡപകടങ്ങൾ, വീഴ്ച്ചകൾ കൊണ്ടുണ്ടാകുന്ന ഒടിവുകൾ, മുറിവുകൾ തുടങ്ങിയവ.

പ്രത്യേക കാലഘട്ടങ്ങളിൽ പടർന്നുപിടിക്കാറുള്ള പകർച്ചപ്പനി, ഡെങ്കിപ്പനി, എലിപ്പനി, ടൈഫോയ്ഡ്, അഞ്ചാംപനി (Measles) പൊക്കൻ (Chicken Pox), കോളറ മറ്റു വയറിളക്ക രോഗങ്ങൾ, ചെങ്കണ്ണ് (Viralconjunctivitis) തുടങ്ങിയ പകർച്ച വ്യാധികൾക്ക് പ്രതിരോധ ഔഷധം നൽകുന്നു.

*ലഭ്യമാകുന്ന സേവന വിവരം*

1. ഒ.പി. വിഭാഗം രോഗ നിർണ്ണയവും ചികിത്സയും – എച്ച്.എം.സി. തീരുമാനപ്രകാരം 5 രൂപ നിരക്കിൽ ഫീസ് ഈടാക്കുന്നതാണ്
2. മെഡിക്കൽ സർട്ടിഫിക്കറ്റ് , വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ: പ്രവൃത്തി സമയങ്ങളിൽ HMC തീരുമാനപ്രകാരമുള്ള നിശ്ചിത ഫീസ് അടയ്ക്കേണ്ടതാണ്.

## പുറപ്പുഴ ഗ്രാമപഞ്ചായത്ത്

## ആയുർവേദ ഡിസ്പെൻസറിയിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

**പ്രവൃത്തി സമയം– രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 വരെ ഉച്ചകഴിഞ്ഞ് 2 മുതൽ 3 വരെ**

*ലഭ്യമാകുന്ന സേവന വിവരം*

1. ഒ.പി. വിഭാഗം രോഗനിർണ്ണയവും ചികിത്സയും – ഡി.എം.സി. തീരുമാനപ്രകാരം 2 രൂപ നിരക്കിൽ ഫീസ് ഈടാക്കുന്നതാണ്
2. മെഡിക്കൽ സർട്ടിഫിക്കറ്റ്, വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ: പ്രവൃത്തി സമയങ്ങളിൽ DMC തീരുമാനപ്രകാരമുള്ള നിശ്ചിത ഫീസ് അടയ്ക്കേണ്ടതാണ്.

# പുറപ്പുഴ വില്ലേജ് ഓഫീസിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

## എല്ലാ അപേക്ഷകളും അന്വേഷണത്തിന് ശേഷമേ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ

**വില്ലേജ് ഓഫീസർ, Ph: 04862 - 274482**

| സർട്ടിഫിക്കറ്റുകൾ | അപേക്ഷ നൽകേണ്ട വിധം | ലഭിക്കേണ്ട സമയപരിധി |
|---|---|---|
| വരുമാന സർട്ടിഫിക്കറ്റ് | ഇതിന് നിശ്ചിത ഫോറത്തിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷ വില്ലേജ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. വരുമാനം തെളിയിക്കുന്നതിനുള്ള രേഖകൾ, റേഷൻ കാർഡ് തുടങ്ങിയവ ഹാജരാക്കണം. ഇതിനെ തുടർന്ന് വില്ലേജ് ഓഫീസർ നടത്തുന്ന അന്വേഷണത്തിന്റെ അടിസ്ഥാനത്തിലാണ് സർട്ടിഫിക്കറ്റുകൾ നൽകുന്നത്. പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗക്കാരെ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.<br>കൈവശഭൂമിയുടെ പ്രമാണം, ശമ്പള സർട്ടിഫിക്കറ്റ് മറ്റ് വരുമാന മാർഗ്ഗങ്ങൾ | 6 ദിവസം |
| ജാതി സർട്ടിഫിക്കറ്റ് | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷ വില്ലേജ് ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്. പട്ടിതജാതി പട്ടികവർഗ്ഗക്കാർക്ക് സർട്ടിഫിക്കറ്റ് നൽകുവാനുള്ള അധികാരം തഹസീൽദാർക്കാണ്. ഇതിന് കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിക്കേണ്ടതില്ല. പിതാവിന്റെ ജാതി സർട്ടിഫിക്കറ്റ്, ജാതി രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റുകൾ ഗസറ്റ് പരസ്യങ്ങൾ തുടങ്ങിയവ ആധാരമാക്കി നടത്തുന്ന അന്വേഷണത്തിന്റെ അടിസ്ഥാനത്തിലായിരിക്കും ജാതി സർട്ടിഫിക്കറ്റുകൾ നൽകുക.<br>റേഷൻ കാർഡിന്റെ പകർപ്പ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ് | ജാതി സംബന്ധിച്ച സംശയം വരുന്ന സാഹചര്യം ഇല്ലാത്ത കേസുകളിൽ 3 ദിവസത്തിനകം (പട്ടികജാതി/പട്ടിക വർഗം ഒഴികെ) |
| വാല്യൂവേഷൻ സർട്ടിഫിക്കറ്റ് (അഞ്ച് ലക്ഷം രൂപ വരെ) | അഞ്ച് രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച് വെള്ളക്കടലാസിലുള്ള അപേക്ഷ തഹസീൽദാർക്ക് നൽകണം. അപേക്ഷയോടൊപ്പം വസ്തുവിന്റെ ആധാരം, കരം തീർത്ത രസീത്, കുടിക്കട സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം. വില്ലേജ് ആഫീസറുടെ അന്വേഷണത്തിന്റെയും തഹസീൽദാറിന്റെ അന്വേഷണത്തിന്റേയും അടിസ്ഥാനത്തിൽ ഈ സർട്ടിഫിക്കറ്റ് ലഭിക്കും. | 15 ദിവസത്തിനകം |
| നേറ്റിവിറ്റി സർട്ടിഫിക്കറ്റ് | നിശ്ചിതഫോറത്തിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച് അപേക്ഷകൾ വില്ലേജ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. കേരളത്തിൽ ജനിച്ചവർക്കും അവരുടെ കുട്ടികൾക്കും മറ്റ് സംസ്ഥാനത്തിൽ ജനിച്ച് വിവാഹിതരായി കേരളത്തിൽ സ്ഥിരമായി താമസിക്കുന്നവരുടെ കുട്ടികൾക്കും നേറ്റിവിറ്റി സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസിൽ നിന്നും ലഭിക്കും. മറ്റ് കേസുകളിൽ റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. പ്രതിരോധ വകുപ്പ് അധികൃതരുടെ മുന്നിൽ ഹാജരാക്കേണ്ട നേറ്റിവിറ്റി സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം അഡീഷണൽ ഡിസ്ട്രിക്റ്റ് മജ്സ്ട്രേട്ടിനാണ്. സ്ഥിരതാമസക്കാരനാണെന്ന് തെളിയിക്കുന്ന റേഷൻ കാർഡ്, മറ്റ് തെളിവുകൾ മുതലായവ വില്ലേജ് ഓഫീസറുടെ അന്വേഷണത്തിൽമേലാണ് സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നത്. | 5 ദിവസത്തിനകം |
| റസിഡൻസ് സർട്ടിഫിക്കറ്റ് | റസിഡൻസ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ നിശ്ചിതഫോറത്തിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച് വില്ലേജ് ഓഫീസർക്ക് നൽകണം. തെളിവിന് ബന്ധപ്പെട്ട രേഖകളും ഹാജരാക്കണം. വില്ലേജ് ആഫീസറുടെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. | 3 ദിവസത്തിനകം |

| പുറപ്പുഴ ഗ്രാമപഞ്ചായത്ത് | | |
|---|---|---|
| സർട്ടിഫിക്കറ്റുകൾ | അപേക്ഷ നൽകേണ്ട വിധം | ലഭിക്കേണ്ട സമയപരിധി |
| കൈയ്യവകാശ സർട്ടിഫിക്കറ്റ് | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച് വെള്ളക്കടലാസിൽ അപേക്ഷ വില്ലേജ് ഓഫീസർക്ക് സമർപ്പിക്കണം. പ്രമാണങ്ങളുടേയും അന്വേഷത്തിന്റേയും അടിസ്ഥാനത്തിൽ വില്ലേജ് ആഫീസിൽ നിന്ന് സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്. | 7 ദിവസത്തിനകം |
| റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ് | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച് വെള്ളക്കടലാസിൽ അപേക്ഷ സമർപ്പിക്കണം. റേഷൻ കാർഡ്, പ്രത്യേക അന്വേഷണം എന്നിവയുടെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് നൽകുന്നു. | 6 ദിവസത്തിനകം |
| ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ് | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച് വെള്ളക്കടലാസിൽ അപേക്ഷ വില്ലേജ് ഓഫീസർക്ക് സമർപ്പിക്കണം. റേഷൻ കാർഡ്, പ്രത്യേക അന്വേഷണം എന്നിവയുടെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് നൽകുന്നു. | 6 ദിവസത്തിനകം |
| സോൾവൻസി (5 ലക്ഷം രൂപ വരെ) സർട്ടിഫിക്കറ്റ് | നിർദ്ദിഷ്ട അപേക്ഷയോടൊപ്പം 50 രൂപയ്ക്കുള്ള മുദ്രപ്പത്രം സഹിതം വില്ലേജ് ഓഫീസർക്ക് സമർപ്പിക്കണം. അസൽ പ്രമാണം, 12 വർഷത്തെ കുടിക്കട സർട്ടിഫിക്കറ്റ്, അന്വേഷണം എന്നിവയുടെ അടിസ്ഥാനത്തിൽ വില്ലേജ് ആഫീസിൽ നിന്ന് സർട്ടിഫിക്കറ്റ് ലഭിക്കും. | 15 ദിവസത്തിനകം |
| ഡൊമി സൈൽ സർട്ടിഫിക്കറ്റ് | ഇതിന് പ്രത്യേകം ഫാറമില്ല. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച് വെള്ളക്കടലാസിൽ അപേക്ഷ വില്ലേജ് ഓഫീസർക്ക് സമർപ്പിക്കണം. | 3 ദിവസത്തിനകം |
| തിരിച്ചറിയൽ കാർഡ് സർട്ടിഫിക്കറ്റ് | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച് അപേക്ഷ ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്ക് സമർപ്പിക്കണം. സ്കൂൾ സർട്ടിഫിക്കറ്റ്, പാസ്പോർട്ട്, റേഷൻ കാർഡ് എന്നിവയുടേയും അന്വേഷണത്തിന്റേയും അടിസ്ഥാനത്തിൽ നൽകുന്നു. | 5 ദിവസം |
| വിധവ സർട്ടിഫിക്കറ്റ് | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച് വെള്ളക്കടലാസിൽ അപേക്ഷ വില്ലേജ് ഓഫീസർക്ക് സമർപ്പിക്കണം. റേഷൻ കാർഡ്, ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ് എന്നിവയുടെ അന്വേഷണ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് നൽകുന്നു. | 5 ദിവസം |
| റീ മാരേജ് സർട്ടിഫിക്കറ്റ് | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച് അപേക്ഷ വില്ലേജ് ഓഫീസർക്ക് സമർപ്പിക്കണം. റേഷൻ കാർഡ്, സ്കൂൾ സർട്ടിഫിക്കറ്റ്, ജനന സർട്ടിഫിക്കറ്റ്, പാസ്പോർട്ട്, തിരിച്ചറിയൽ കാർഡ്, സാക്ഷിമൊഴി എന്നിവയുടെയും അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് നൽകുന്നു. | 5 ദിവസം |
| ലൈഫ് സർട്ടിഫിക്കറ്റ് | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച് വെള്ളകടലാസിൽ അപേക്ഷ വില്ലേജ് ഓഫീസർക്ക് സമർപ്പിക്കണം. റേഷൻകാർഡ്, അന്വേഷണം എന്നിവയുടെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് നൽകുന്നു. | 5 ദിവസം |

## പുറപ്പുഴ ഗ്രാമപഞ്ചായത്ത്

| സർട്ടിഫിക്കറ്റുകൾ | അപേക്ഷ നൽകേണ്ട വിധം | ലഭിക്കേണ്ട സമയപരിധി |
|---|---|---|
| വൺ & സെയിം | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച് അപേക്ഷ വില്ലേജ് ഓഫീസർക്ക് സമർപ്പിക്കണം. റേഷൻ കാർഡ്, സ്കൂൾ സർട്ടിഫിക്കറ്റ്, ജനന സർട്ടിഫിക്കറ്റ്, പാസ്പോർട്ട്, തിരിച്ചറിയൽ കാർഡ്, സാക്ഷിമൊഴി എന്നിവയുടെയും അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് നൽകുന്നു. | 5 ദിവസം |
| നോൺ ക്രിമിലിയർ | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച് നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷിക്കണം. റേഷൻ കാർഡ്, സ്കൂൾ സർട്ടിഫിക്കറ്റ് ശമ്പള സർട്ടിഫിക്കറ്റ്, അന്വേഷണം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് നൽകുന്നു. | 7 ദിവസം |
| അഗതി സർട്ടിഫിക്കറ്റ് | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച് അപേക്ഷ ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്ക് സമർപ്പിക്കണം. അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് നൽകുന്നു | 5 ദിവസം |
| ആശ്രിത സർട്ടിഫിക്കറ്റ് | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച് വെള്ളപേപ്പറിൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്ക് അപേക്ഷ നൽകണം. ആശ്രിതത്വം തെളിയിക്കുന്ന രേഖകളുടെയും അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് നൽകുന്നു. | 7 ദിവസം |
| പൊസഷൻ സർട്ടിഫിക്കറ്റ് | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച് അപേക്ഷ വില്ലേജ് ഓഫീസർക്ക് സമർപ്പിക്കണം. അസൽ ആധാരത്തിന്റേയും അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് നൽകുന്നു. | 7 ദിവസം |
| ലൊക്കേഷൻ സർട്ടിഫിക്കറ്റ് | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച് അപേക്ഷ ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്ക് സമർപ്പിക്കണം. ഒറിജിനൽ ആധാരത്തിന്റെയും അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് നൽകുന്നു. | 5 ദിവസം |

## നിങ്ങൾ നിങ്ങളുടെ കുടുംബത്തിലുണ്ടായിട്ടുള്ള ഓരോ ജനന-മരണങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ടോ ?

ജനന രജിസ്ട്രേഷൻ എന്തിന് ?

- സ്കൂൾ പ്രവേശനത്തിന്
- ഉദ്യോഗത്തിന്
- വസ്തുക്കളിൽ അവകാശം സ്ഥാപിക്കുന്നതിന്
- പൗരത്വം സ്ഥാപിക്കുന്നതിന്
- റേഷൻ കാർഡിൽ പേരു ചേർക്കുന്നതിന്
- ഇതിനെല്ലാം വയസ്സ് തെളിയിക്കുന്ന കൃത്യമായ രേഖ വേണം

ജനനം രജിസ്റ്റർ ചെയ്തുവെന്ന് ഉറപ്പു വരുത്തുക

മരണ രജിസ്ട്രേഷൻ എന്തിന് ?

- അവകാശികൾക്ക് സ്വത്തവകാശം സ്ഥാപിക്കുന്നതിന്
- ഇൻഷ്വറൻസ് തുക ലഭിക്കുന്നതിന്
- മരണാനന്തരം അവകാശികൾക്ക് ആനുകൂല്യങ്ങൾക്ക്
- ഇതിനെല്ലാം മരണം തെളിയിക്കുന്ന കൃത്യമായ രേഖ വേണം

**മരണം യഥാസമയം രജിസ്റ്റർ ചെയ്തുവെന്ന് ഉറപ്പ് വരുത്തുക**

**ഓരോ ജനനവും മരണവും 21 ദിവസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യണം. ഇത് നിയമപരമായി നിർബന്ധിതമാണ്. കൃത്യമായ വിവരങ്ങൾ ഭാവിയിലെ വിഷമങ്ങൾ ഒഴിവാക്കുക.**

**ജനന-മരണ രജിസ്ട്രാർ (സെക്രട്ടറി)**
**ഗ്രാമപഞ്ചായത്ത്**

## വിവാഹ രജിസ്ട്രേഷൻ

**എല്ലാ വിവാഹങ്ങളും നടന്ന് 45 ദിവസത്തിനകം രജിസ്റ്റർ ചെയ്യേണ്ടതാണ്.**

ഗ്രാമപഞ്ചായത്തിലെ

## വസ്തു നികുതി (കെട്ടിട നികുതി)

## tax.lsgkerala.gov.in

എന്ന വെബ്സൈറ്റ് പ്രകാരം അടവാക്കാവുന്നതാണ്.

**അക്ഷയകേന്ദ്രം മുഖേനയും അടവാക്കാവുന്നതാണ്.**